"ഭരണ ഭാഷ - മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
# (കേരള സംസ്ഥാനം)

നമ്പർ. F3/28534/2017

ട്രെയിനിംഗ് ഡയറക്ടറേറ്റ് തൊഴിൽ ഭവൻ വികാസ് ഭവൻ
തിരുവനന്തപുരം -33

**സർക്കുലർ**

വിഷയം:- 2017-2018 അധ്യയന വർഷത്തെ ട്രെയിനീസ്കൌൺസിൽ തെരഞ്ഞെടുപ്പ് - തീയതികളിൽ മാറ്റം വരുത്തിയത് അറിയിക്കുന്നത് സംബന്ധിച്ച്

സൂചന :- 1)ചന്ദനത്തോപ്പ് ഐ ടി ഐ പ്രിൻസിപ്പലിന്റെ 8/2/18 ലെ കത്ത്.
2) 30/1/18 ലെ ഇതേ നമ്പർ സർക്കുലർ.

വ്യാവസായിക പരിശീലന വകുപ്പിൻറെ കീഴിലുള്ള എല്ലാ ഐ.ടി.ഐ കളിലേയും കൊല്ലം ബി.റ്റി.സി ലേയും ട്രെയിനീസ് കൗൺസിലിലെ ചെയർമാൻ, ജനറൽ സെക്രട്ടറി, കൗൺസിലർ (കെ.എസ്. ഐ.റ്റി.സി), മാഗസിൻ എഡിറ്റർ, ജനറൽ ക്യാപ്റ്റൻ(സ്പോർട്ട്സ്), സെക്രട്ടറി, കൾച്ചറൽ അഫയേഴ്സ് എന്നീ സ്ഥാനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം സൂചന (2) പ്രകാരം പുറപ്പെടുവിച്ചിരുന്നു. എന്നാൽ പരീക്ഷാ സംബന്ധമായ കാരണങ്ങളാൽ ഫെബ്രുവരി 17, 19, 20 തീയതികളിൽ നടത്തേണ്ട നടപടി ക്രമങ്ങളിൽ മാറ്റം വരുത്തുന്നതിന് സൂചന (2) പ്രകാരം അപേക്ഷിച്ചിരുന്നു. ആയതിനാൽ ട്രെയിനീസ് കൗൺസിൽ ഇലക്ഷൻറെ സുഗമമായ നടത്തിപ്പിനായി താഴെ പറയുന്ന നടപടി ക്രമങ്ങൾ ഭേദഗതിവരുത്തിയതായി അറിയിക്കുന്നു.

| സീരി. നം | നടപടി ക്രമം | മുൻപ് നിശ്ചയിച്ചിരുന്ന തീയതി | പുതുക്കിയ തീയതി |
|---|---|---|---|
| 1 | നാമനിർദ്ദേശ പത്രിക സമർപ്പണം | 17-02-2018 (3pm) | 21-02-2018 (12pm) |
| 2 | നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന | 19-02-2018 (up to 3 pm) | 21-02-2018 (3 pm) |
| 3 | സ്ഥാനാർത്ഥി പട്ടികയുടെ ആദ്യ പ്രസിദ്ധീകരണം | 20-02-2018 (4 pm) | 21-02-2018 (5 pm) |
| 4 | നാമനിർദ്ദേശ പത്രിക പിൻവലിക്കൽ | 21-02-2018 (3 pm) | 22-02-2018 (2 pm) |
| 5 | സ്ഥാനാർത്ഥി പട്ടികയുടെ അന്തിമ പ്രസിദ്ധീകരണം | 22-02-2018 (4 pm) | 22-02-2018 (5 pm) |

മറ്റ് നടപടിക്രമങ്ങളിൽ ഒന്നും തന്നെ മാറ്റമൊന്നുമില്ല എന്നുള്ള വിവരവും അറിയിക്കുന്നു.

പി.കെ മാധവൻ
അഡീഷണൽ ഡയറക്ടർ ഓഫ്
ട്രെയിനിങ്

സ്വീകർത്താവ്

എല്ലാ ഐടിഐ/BTC പ്രിൻസിപാൾമാർക്കും
എല്ലാ ഐടിമാർക്കും, പ്രിൻസിപ്പാൾ മാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.